**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2447** **07-07-2022 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. യിലെ സുപ്രീം കോടതി നിരീക്ഷണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ.വി.സുമേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. കൗൺസിൽ ശിപാർശകൾ സംസ്ഥാനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാനാകില്ലെന്നത് സംബന്ധിച്ച സുപ്രീം കോടതി വിധി സംസ്ഥാനത്തിന് മുമ്പിൽ തുറന്നിട്ടിരിക്കുന്ന സാദ്ധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ബഹുമാനപ്പെട്ട സുപ്രീം കോടതി 19.05.2022 തീയതിയിൽ സി.എ. നമ്പർ 1390/2022 കേസിന്മേൽ പുറപ്പെടുവിച്ച വിധിന്യായം സർക്കാർ വിശദമായി പരിശോധിച്ചു വരുന്നു. പ്രസ്തുത വിധിന്യായത്തിൽ ജി.എസ്.ടി. കൗൺസിൽ സംബന്ധമായ പ്രധാന നിരീക്ഷണങ്ങളിൽ, ജി.എസ്.ടി. കൗൺസിലിന്റെ 'ശിപാർശകൾ' കേന്ദ്രവും സംസ്ഥാനങ്ങളും ഉൾപ്പെടുന്ന ഒരു സഹകരണ സംഭാഷണത്തിന്റെ ഫലമാണെന്നും അവ ശിപാർശ എന്ന നിലയിലുള്ളതായതിനാൽ ബൈൻഡിംഗ് ശാസനകളായി കണക്കാക്കുന്നത് ജി.എസ്.ടി-യിൽ നിയമനിർമ്മാണം നടത്താൻ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും തുല്യ അധികാരം നൽകുന്ന ധനപരമായ ഫെഡറലിസത്തെ തടസ്സപ്പെടുത്തും എന്നും പ്രതിപാദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച മേൽപ്പറഞ്ഞ വിധിയിലെ ഭരണഘടനാപരമായ നിലപാട്, ജി.എസ്.ടി കൗൺസിലിൽ നടക്കുന്ന ചർച്ചകളിൽ സമവായം സാധ്യമല്ലാത്ത കാര്യങ്ങളിൽ ഭാവിയിൽ സംസ്ഥാനത്തിന്റെ നിലപാടുകൾ ശക്തിപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധി അനുസരിച്ച് നിലവിലെ സ്ഥിതിയിൽ നിന്നും മാറ്റം വരുത്തി സംസ്ഥാനത്തിന് മാത്രമായി നികുതി കാര്യങ്ങളിൽ തീരുമാനം എടുക്കാൻ കഴിയുമോ എന്ന വിഷയം പരിശോധിച്ച് തീരുമാനിക്കേണ്ടതുണ്ട്. |
| (ബി) | ജി.എസ്.ടി. കൗൺസിൽ തീരുമാനങ്ങൾ അടിച്ചേൽപ്പിച്ച് സംസ്ഥാന ധനസ്ഥിതിയെ അസന്തുലിതാവസ്ഥയിലെത്തിക്കുകയും അത്തരം അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾക്ക് കൂടുതൽ നിബന്ധനകൾ | (ബി) | ബഹുമാനപ്പെട്ട സുപ്രീം കോടതി 19.05.2022 തീയതിയിൽ സി.എ. നമ്പർ 1390/2022 കേസിന്മേൽ പുറപ്പെടുവിച്ച വിധിന്യായം സർക്കാർ വിശദമായി പരിശോധിച്ചു വരുന്നു. പ്രസ്തുത വിധിന്യായത്തിൽ ജി.എസ്.ടി. കൗൺസിൽ |

| | | | |
|---|---|---|---|
| | ഏർപ്പെടുത്തുകയും ചെയ്യുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തികാവകാശങ്ങളിന്മേലുള്ള കടന്നുകയറ്റമാണെന്ന് സുപ്രീം കോടതി നടത്തിയിട്ടുള്ള നിരീക്ഷണം സംസ്ഥാനത്തിന്റെ സാമ്പത്തികാവകാശങ്ങൾ പുന:സ്ഥാപിക്കുവാൻ പര്യാപ്തമാണോ; വ്യക്തമാക്കുമോ; | | സംബന്ധമായ പ്രധാന നിരീക്ഷണങ്ങളിൽ, ജി.എസ്.ടി. കൗൺസിലിന്റെ 'ശിപാർശകൾ' കേന്ദ്രവും സംസ്ഥാനങ്ങളും ഉൾപ്പെടുന്ന ഒരു സഹകരണ സംഭാഷണത്തിന്റെ ഫലമാണെന്നും അവ ശിപാർശ എന്ന നിലയിലുള്ളതായതിനാൽ ബൈൻഡിംഗ് ശാസനകളായി കണക്കാക്കുന്നത് ജി.എസ്.ടി-യിൽ നിയമനിർമ്മാണം നടത്താൻ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും തുല്യ അധികാരം നൽകുന്ന ധനപരമായ ഫെഡറലിസത്തെ തടസ്സപ്പെടുത്തും എന്നും പ്രതിപാദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച മേൽപ്പറഞ്ഞ വിധിയിലെ ഭരണഘടനാപരമായ നിലപാട്, ജി.എസ്.ടി കൗൺസിലിൽ നടക്കുന്ന ചർച്ചകളിൽ സമവായം സാധ്യമല്ലാത്ത കാര്യങ്ങളിൽ ഭാവിയിൽ സംസ്ഥാനത്തിന്റെ നിലപാടുകൾ ശക്തിപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധി അനുസരിച്ച് നിലവിലെ സ്ഥിതിയിൽ നിന്നും മാറ്റം വരുത്തി സംസ്ഥാനത്തിന് മാത്രമായി നികുതി കാര്യങ്ങളിൽ തീരുമാനം എടുക്കാൻ കഴിയുമോ എന്ന വിഷയം പരിശോധിച്ച് തീരുമാനിക്കേണ്ടതുണ്ട്. |
| (സി) | ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി ജൂലൈയിൽ അവസാനിക്കുന്ന സാഹചര്യത്തിൽ വരുമാന നഷ്ടം പരിഹരിക്കുന്നതിനായി ജി.എസ്.ടി. പൊതു ചട്ടക്കൂട്ടിൽ എന്തൊക്കെ അധികാരങ്ങൾ സംസ്ഥാനത്തിന് വിട്ടുനൽകണമെന്നാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്; ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ പ്രതികരണമെന്തെന്ന് വിശദമാക്കാമോ ? | (സി) | ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി ജൂലൈയിൽ അവസാനിക്കുന്ന സാഹചര്യത്തിൽ ജി.എസ്.ടി നഷ്ടപരിഹാര കാലാവധി നീട്ടണം എന്ന ആവശ്യം കേരളം ഉൾപ്പടെയുള്ള പല സംസ്ഥാനങ്ങളും ജി.എസ്.ടി. കൗൺസിലിൽ നിരന്തരം ഉന്നയിച്ചുവരികയാണ്. എന്നാൽ ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടുന്നത് സംബന്ധിച്ച് അനുകൂലമായ തീരുമാനങ്ങളൊന്നും ഇതുവരെ ജി.എസ്.ടി. കൗൺസിൽ സ്വീകരിച്ചതായി കാണപ്പെടുന്നില്ല.<br><br>ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയുടെ വെളിച്ചത്തിൽ നിലവിലെ സ്ഥിതിയിൽ നിന്നും മാറ്റം വരുത്തി സംസ്ഥാനത്തിന് മാത്രമായി നികുതി കാര്യങ്ങളിൽ തീരുമാനം എടുക്കാൻ കഴിയുമോ എന്ന വിഷയം പരിശോധിച്ച് തീരുമാനിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ